# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.21902/21/-എൻ.എസ്.2

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 01/07/2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ കുത്തക ലേലങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന:- ബഹു:കേരള ഹൈക്കോടതിയിലെ WP (C) 29772/2021, WP (C) 29859/2021 എന്നീ നമ്പർ കേസുകളുടെ 13/10/2022 ലെ വിധിന്യായം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ കുത്തക ലേലങ്ങൾ നടത്തുമ്പോൾ ചുവടെ വിവരിക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ (ഡെപ്യൂട്ടി ദേവസ്വം കമ്മീഷണമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ) ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1) ലേലം ഉറപ്പിക്കുമ്പോൾ അപ്രകാരമുള്ള ലേലത്തിൽ നിന്നും ലഭിക്കേണ്ട മുഴുവൻ തുകയും ലഭിക്കുന്നു എന്ന് ഉറപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വരുത്തണം.
2) 1199 എം.ഇ മുതലുള്ള ശബരിമല ദേവസ്വം കുത്തകകൾക്ക് ലേല നോട്ടീസിനൊപ്പം കഴിഞ്ഞ 3 വർഷത്തെ കൂടിയ തുക (കോവിഡ് കാലം ഒഴികെ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.
3) ടെന്റർ നടപടികൾ പൂർത്തിയായതിന്ശേഷം കുത്തക പിടിച്ച ആളിന്റെ പേര്, കൂടിയ തുക, ഒടുക്കേണ്ട തീയതി എന്നിവ ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.
4) തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ഉടൻതന്നെ നോട്ടീസ് നൽകേണ്ടതാണ്. കൂടാതെ വീഴ്ച വരുത്തുന്ന ആളുകളുടെ വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.
5) തുക അടയ്ക്കാത്തവരുടെ വിവരങ്ങൾ നടപടി സ്വീകരിച്ചശേഷം ആവശ്യമെങ്കിൽ തുടർ നടപടിയ്ക്കായി ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
6) ടി ലിസ്റ്റിന്റെ പകർപ്പ് ശബരിമല സ്പെഷ്യൽ കമ്മീഷണർക്ക് നൽകണം.
7) 2 കോടി രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള ദേവസ്വങ്ങളുടെ ലേലത്തിലും ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8) എല്ലാ ദേവസ്വങ്ങളിലെയും ലേലത്തുക കുടിശ്ശിക വരുത്തിയവരുടെയും വിവരങ്ങൾ ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
9) കുത്തക എടുത്തവർ തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ടെന്റർ വ്യവസ്ഥ പ്രകാരം സമയബന്ധിതമായി നടപടി സ്വീകരിക്കണം.
10) കുത്തക തുക അടയ്ക്കാതെ വീഴ്ച വരുത്തിയാൽ ആവശ്യമെങ്കിൽ വീഴ്ചവരുത്തിയവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമായ ശിപാർശ സഹിതം വിവരം അറിയിക്കണം.

11) കുത്തകക്കാരനും സ്റ്റാഫിനും ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് ബന്ധപ്പെട്ട ഓഫീസിൽ നിന്നും നൽകണം.

12) അവർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുകയും അവ യഥാസമയം ശേഖരിക്കുകയും വേണം.

13) 5 ലക്ഷം രൂപയിൽ കൂടുതൽ തുകയുള്ള ലേലത്തിന് ലേലക്കാരനോട് ഇൻകം ടാക്സിന്റെ വിവരങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെടണം

14) കുത്തകക്കാരൻ കുടിശ്ശിക വരുത്തുന്ന തുക നിയമ നടപടി മുഖാന്തിരം ഈടാക്കുന്നതിനുള്ള കാലാവധി 3 വർഷമാണ്. ആകയാൽ കുത്തകക്കാരൻ അടയ്ക്കേണ്ട അവസാന ഗഡു തീയതി മുതൽ 3 വർഷത്തിനകം റവന്യൂ റിക്കവറി/ കോടതി നഷ്ട വ്യവഹാരം എന്നിവ പ്രകാരം നടപടി ആരംഭിച്ചു എന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ബന്ധപ്പെട്ട ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ
3) സെക്ഷൻ ഫയൽ
4) ഫെയർ ആഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(പിഎസ്.ജി.ആർ.സി)

Jyo.01/07